# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

# വനിതാ സൗഹൃദക്ലബ്



സെപ്റ്റംബർ 2 ന് മേപ്പാടി പഞ്ചായത്തിലെ പരൂർക്കുന്ന് വനിതാ സൗഹൃദക്ലബ് രൂപീകരിച്ചു. ശ്രീമതി അനുഷയെ പ്രസിഡന്റായും, ശ്രീമതി വിനീതയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. ഗാർഹിക അതിക്രമങ്ങളെ സംബന്ധിച്ച ക്ലാസ്സ് നൽകി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ നേതൃത്വം നൽകി. 15 പേർ പങ്കെടുത്തു.



സെപ്റ്റംബർ 19 ന് പരിയാരം വനിതാ ക്ലബ് മീറ്റിംഗ് നടത്തി. ശ്രീമതി ഖദീജ സ്വാഗതം ആശംസിച്ചു. ശ്രീമതി റിഷാന നന്ദി പറഞ്ഞു. 25 പേർ പങ്കെടുത്തു.



ഒക്ടോബർ 24 ന് മീനങ്ങാടി പഞ്ചായത്തിലെ മണിവയൽ മാറ്റൊലി വനിതാ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടത്തി. ശ്രീമതി ശാന്ത സ്വാഗതം ആശംസിച്ചു. ശ്രീമതി രാജമ്മ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഓമന നന്ദി പറഞ്ഞു. 9 പേർ മീറ്റിംഗിൽ പങ്കെടുത്തു.

# ഓണാഘോഷം



സെപ്റ്റംബർ 1 ന് പൊൻകുഴി വിദ്യാർത്ഥി - യുവജന സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ പരിപാടികൾ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി.



സെപ്റ്റംബർ 1 ന് കരിമം വിദ്യാർത്ഥി - വനിതാ സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ പരിപാടികൾ നടത്തി. മത്സര വിജയി കൾക്ക് സമ്മാനങ്ങൾ നൽകി. ശ്രീ ജ്യോതി ഷ് കുമാർ നേതൃത്വം നൽകി.



സെപ്റ്റംബർ 2 ന് കരിങ്ങാരി വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ പരിപാടികൾ നടത്തി. മത്സര വിജയി കൾക്ക് സമ്മാനങ്ങൾ നൽകി. ശ്രീമതി ഇന്ദുലേഖ നേതൃത്വം നൽകി.

സെപ്റ്റംബർ 2 ന് ആർമാട് വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ പരിപാടികൾ നടത്തി. മത്സര വിജയി കൾക്ക് സമ്മാനങ്ങൾ നൽകി. ശ്രീമതി മിനി സാജു നേതൃത്വം നൽകി.





സെപ്റ്റംബർ 7 ന് രാരോത്ത് വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ പരിപാടികൾ നടത്തി. മത്സര വിജയി കൾക്ക് സമ്മാനങ്ങൾ നൽകി. ശ്രീമതി മിനി സാജു നേതൃത്വം നൽകി.

സെപ്റ്റംബർ 7 ന് അടുവാടിവയൽ വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ പരിപാടികൾ നടത്തി. മത്സര വിജയി കൾക്ക് സമ്മാനങ്ങൾ നൽകി. ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി.



## ഹാപ്പിനെസ്സ് പ്രോഗ്രാം



സെപ്റ്റംബർ 2 ന് മേപ്പാടി പഞ്ചായത്തിലെ പരൂർക്കുന്ന് ഉന്നതിയിലെ വിദ്യാർത്ഥികൾക്കായി ഹാപ്പിനെസ്സ് പ്രോഗ്രാം നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ, ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. 35 കുട്ടികൾ പങ്കെടുത്തു.

# പീസ് കമ്മറ്റി മീറ്റിംഗ്



സെപ്റ്റംബർ 16 ന് മേപ്പാടി പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. ശ്രീ ജ്യോതിഷ് കുമാർ സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ ജ്യോതിഷ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തുന്നതിനെ സംബന്ധിച്ച് ചർച്ചകൾ നടത്തി. 18 പേർ മീറ്റിംഗിൽ പങ്കെടുത്തു.

# ജില്ലാ പീസ് ഫോറം മീറ്റിംഗ്

ഒക്ടോബർ 16 ന് കൽപ്പറ്റ എം ജി റ്റിയിൽ വെച്ച് ജില്ലാ പീസ് ഫോറം മീറ്റിംഗ് നടന്നു. നീതിവേദിയിൽ കൗൺസിലറായി ദീർഘകാലം സേവനം ചെയ്ത സി. ബ്രിജിറ്റിന് യോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ.ഐ തോമസ് അദ്ധ്യക്ഷത വഹിച്ചു. നീതിവേദിയുടെ 22 വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ചും കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് ശ്രീമതി ഫ്ളയ്സി ജോസ് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്ക് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, ശ്രീ ഇ ജി ജോസഫ്, ശ്രീ കെ.ഐ തോമസ് എന്നിവർ നേതൃത്വം നൽകി. 52 പേർ മീറ്റിംഗിൽ പങ്കെടുത്തു.



# ഗാന്ധി ജയന്തി ആഘോഷം



ഒക്ടോബർ 2 ന് വെള്ളമുണ്ട പഞ്ചായത്തിലെ കരിങ്ങാരി, മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത്, ആർമാട്, മുട്ടിൽ പഞ്ചായത്തിലെ അടുവാടിവയൽ എന്നീ വിദ്യാർത്ഥി സൗഹൃദ ക്ലബുകളിൽ ഗാന്ധി ജയന്തി ആഘോഷിച്ചു. ചിത്രരചന, പ്രച്ഛന്നവേഷം, ക്വിസ് എന്നീ മത്സരങ്ങൾ നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഫസിലിറ്റേറ്റർമാർ നേതൃത്വം നൽകി.

# ഏകദിന ക്യാമ്പ്

ഒക്ടോബർ 25 ന് മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത്, ആർമാട്, മുട്ടിൽ പഞ്ചായത്തിലെ അടുവാടിവയൽ എന്നീ വിദ്യാർത്ഥി ക്ലബുകളിലെ കുട്ടികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. മീനങ്ങാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി കെ പി നുസറത്ത് അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ ഇ വിനയൻ ഉദ്ഘാടനം ചെയ്തു. മെമ്പർമാരായ ശ്രീമതി ശാന്തി സുനിൽ, ശ്രീമതി ഉഷ രാജേന്ദ്രൻ, കോർ ടീം വോളണ്ടിയർ ശ്രീ എം കെ ശിവരാമൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ശ്രീമതി ഫ്ളയ്സി, ശ്രീമതി സൂര്യ, ശ്രീമതി ജൂബിലി ശ്രീമതി മിനി, ശ്രീമതി വൽസ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ 41 പേർ പങ്കെടുത്തു.








# സന്ദർശനം

സെപ്റ്റംബർ 18 ന് വനിതാ ശിശു വികസന വകുപ്പ് ജില്ലാ ഓഫീസർ ശ്രീമതി ബിന്ദു, സീനിയർ ക്ലർക്ക് ശ്രീമതി ബബിത എന്നിവർ നീതിവേദി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

സെപ്റ്റംബർ 20 ന് ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ നീതിവേദി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

# മീറ്റിംഗ്

സെപ്റ്റംബർ 29 ന് നീതിവേദി ഓഫീസിൽ വെച്ച് വിദ്യാർത്ഥി സൗഹൃദക്ലബ് ഫസിലിറ്റേറ്റർമാരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി. ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

സെപ്റ്റംബർ 29 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് മീറ്റിംഗ് സംഘടിപ്പിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി. ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

# സബ്കമ്മറ്റി മീറ്റിംഗ്

ഒക്ടോബർ 8 ന് നീതിവേദി ഓഫീസിൽ വെച്ച് എസ് പി സി സബ്കമ്മറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. പ്രവർത്തന റിപ്പോർട്ട് അഡ്വ.ജോമോൾ ജോയി അവതരിപ്പിച്ചു. ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ഗീത അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി വൽസ ദേവസ്യ നന്ദി പറഞ്ഞു. 11 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# ഗവേർണിംഗ് ബോഡി





ഒക്ടോബർ 16 ന് കൽപ്പറ്റ എം ജി റ്റിയിൽ വെച്ച് നീതിവേദിയുടെ ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും സ്റ്റാഫ് അംഗങ്ങളുടെയും മീറ്റിംഗ് നടന്നു. നീതിവേദിയുടെ കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങൾ ശ്രീമതി ഫ്ളയ്സി ജോസ് അവതരിപ്പിച്ചു. നീതിവേദിയുടെ ഓഫീസ് മാർച്ച് മാസം വരെ കാക്കവയലിൽ തന്നെ തുടരുന്നതിനായി എസ് സി എൻ സിസ്റ്റേഴ്സ് അനുവദിച്ചുവെന്ന കാര്യവും സി എസ് ആർ പ്രോജക്ടുകൾ ലഭ്യമാകുന്നതിനായി ശ്രമിക്കുന്ന കാര്യവും ഫാ.സ്റ്റീഫൻ മാത്യു യോഗത്തെ അറിയിച്ചു. നീതിവേദി ഓഫീസ് കൽപ്പറ്റയിലേക്ക് മാറ്റുന്നതുമായ ചർച്ചകൾ നടത്തി. നീതിവേദിയിലേക്ക് റിട്ടയേർഡ് ഹാൻസിനെ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ യോഗത്തിൽ തീരുമാനിച്ചു. ആദിവാസി യുവജനങ്ങൾക്കായി നവംബർ മാസത്തിൽ റസിഡൻഷ്യൽ ക്യാമ്പ് നടത്താൻ തീരുമാനിച്ചു. 11 പേർ മീറ്റിംഗിൽ പങ്കെടുത്തു.

# മറ്റ് പ്രവർത്തനങ്ങൾ

സെപ്റ്റംബർ 12 ന് ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ജ്യോതിഷ് എന്നിവർ മേപ്പാടി ഗ്രാമപഞ്ചായത്തിൽ പോയി പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് മെമ്പർമാർ എന്നിവരെ കാണുകയും വിവിധ വിഷയങ്ങളെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു.

സെപ്റ്റംബർ 18 ന് ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ ദേവസ്യ എന്നിവർ കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ ശ്രീ പ്രമോദ് സാറിനെ നേരിൽ കണ്ട് പരൂർക്കുന്നിൽ വിദ്യാർത്ഥി സൗഹൃദക്ലബ് ആരംഭിക്കുന്നതിനുള്ള കത്ത് നൽകി.

ഒക്ടോബർ 17,18 തിയതികളിൽ വെള്ളമുണ്ട പഞ്ചായത്തിൽ വെച്ച് നടക്കുന്ന അദാലത്തിൽ പരാതി നൽകാനായി ഭൂമിക്ക് രേഖയില്ലാത്ത മംഗലശ്ശേരിമല ഊര് നിവാസികളുടെ ഒപ്പുശേഖരണം നടത്തി.





ഒക്ടോബർ 18 ന് മുട്ടിൽ പഞ്ചായത്തിലെ കൈപ്പാടുംകുന്ന് ഊരിലെ കുപ്പച്ചി അമ്മക്ക് ഫുഡ്കിറ്റ് നൽകി.

ഒക്ടോബർ 24 ന് സെന്റ് വിൻസെന്റ് ഡി പോൾ സംഘടനാ ഭാരവാഹികൾക്കൊപ്പം മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ - ചൂരൽ മല ദുരന്തബാധിതരായ 15 കുടുംബങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തി.





ഒക്ടോബർ 25 ന് പരപ്പൻപാറ ഊര് നിവാസികളായ 6 കുടുംബങ്ങൾക്ക് ഫുഡ്കിറ്റ് നൽകി.



ഒക്ടോബർ 28 ന് കളക്ടറേറ്റിൽ വെച്ച് നടന്ന ഇന്റർ ഏജൻസി ഗ്രൂപ്പ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.

ഒക്ടോബർ 30 ന് കളക്ടറേറ്റിൽ വെച്ച് നടന്ന വനിതാ ശിശു വികസന വകുപ്പിനു കീഴിലെ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെയും റിവ്യൂ മീറ്റിംഗിൽ നീതിവേദിയിൽ നിന്നും ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ.ജോമോൾ ജോയി എന്നിവർ




നീതിവേദിയിൽ ദീർഘകാലം കൗൺസിലർ ആയി സേവനം ചെയ്ത് നിരവധി ആളുകൾക്ക് സാന്ത്വനം നൽകിയ സിസ്റ്റർ ബ്രിഡ്ജിറ്റിന് നീതിവേദി കുടുംബത്തിന്റെ ആദരാഞ്ജലികൾ..



NEETHI VEDHI
സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട്- 673122
ഫോൺ- 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org